**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1351** **30-08-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ പൊതുവിദ്യാലയങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ പൊതുവിദ്യാലയങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | **കുട്ടനാട്ടിലെ പൊതുവിദ്യാലയ ങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട്, എസ്.എസ്.കെ ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | കുട്ടനാട്ടിലെ സ്കൂൾ ഗ്രൗണ്ടുകൾ ഉൾപ്പെടെയുള്ള ഭാഗങ്ങൾ വെള്ളക്കെട്ടിൽ ആകുന്നതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | കുട്ടനാട്ടിലെ സ്കൂൾ ഗ്രൗണ്ടുകൾ വെള്ളക്കെട്ടിൽ ആകുന്നതു മൂലം വിദ്യാർത്ഥികൾക്കുൾപ്പെടെയുള്ളവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ത്രിതല പഞ്ചായത്തുകളുടെ ഫണ്ടുകൾ ഉപയോഗിച്ച് സ്കൂൾ ഗ്രൗണ്ടുകൾ മണ്ണിട്ട് ഉയർത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ശുചിത്വ മിഷൻ, മറ്റ് ഏജൻസികളുടെ ഫണ്ടുകൾ, ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് കുട്ടനാട്ടിലെ സ്കൂളുകളിൽ ശുചിമുറികളുടെ നിർമ്മാണവും പുരോഗമിക്കുന്നു. |
| (സി) | വെള്ളപ്പൊക്കം മൂലം കുട്ടനാട്ടിലെ സ്കൂളുകളെ താത്ക്കാലിക ദുരിതാശ്വാസ ക്യാംപുകളാക്കുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ നല്ല നിലവാരത്തിലുള്ള ടോയ് ലറ്റുകൾ നിർമ്മിക്കുന്നതിനും സ്കൂൾ ഗ്രൗണ്ടുകൾ മണ്ണിട്ട് ഉയർത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | കുട്ടനാട്ടിലെ സ്കൂൾ ഗ്രൗണ്ടുകൾ വെള്ളക്കെട്ടിൽ ആകുന്നതു മൂലം വിദ്യാർത്ഥികൾക്കുൾപ്പെടെയുള്ള വർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ത്രിതല പഞ്ചായത്തുകളുടെ ഫണ്ടുകൾ ഉപയോഗിച്ച് സ്കൂൾ ഗ്രൗണ്ടുകൾ മണ്ണിട്ട് ഉയർത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ശുചിത്വ മിഷൻ, മറ്റ് ഏജൻസികളുടെ ഫണ്ടുകൾ, ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് കുട്ടനാട്ടിലെ സ്കൂളുകളിൽ ശുചിമുറികളുടെ നിർമ്മാണവും പുരോഗമിക്കുന്നു. |
| (ഡി) | കുട്ടനാട്ടിലെ കിടങ്ങറ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ അന്തർദേശീയ നിലവാരത്തിലേക്ക് | (ഡി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എം.എൽ.എ ഫണ്ട്, പ്ലാൻ ഫണ്ട് |

| | | | |
|---|---|---|---|
| | ഉയർത്തിയത് പോലെ മറ്റു സ്കൂളുകളും നവീകരിക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ? | | തുടങ്ങിയവ ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ